**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **27.06.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ :5068** **മറുപടിക്ക്**

**വാഹന പരിശോധനയ്ക്കിടയിലെ അപകടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) വഴിയോരങ്ങളിലെ വാഹന പരിശോധനയിൽ പോലീസിന്റെ അശ്രദ്ധമൂലം യാത്രക്കാർ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അപകടത്തിനിടയാക്കുന്ന പരിശോധകരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ടോ എന്നറിയിക്കാമോ;

എ) ഒരു കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി) വാഹനപരിശോധനകൾക്കിടയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

ബി) വാഹന പരിശോധനയ്ക്കിടയിൽ അപകടങ്ങൾ ഒഴിവാക്കാൻ പോലീസ് നിതാന്ത ജാഗ്രത പാലിച്ചു വരുന്നു. സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 07/2015, 51/2018 സർക്കുലർ നമ്പർ 05/2012, 06/2012, 11/2012, 11/2013, 02/2016 എന്നിവ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചാണ് വാഹനപരിശോധന നടത്തിവരുന്നത്. ഗതാഗതത്തിരക്കുള്ള സ്ഥലങ്ങളിൽ അടിയന്തിര സന്ദർഭങ്ങളിലല്ലാതെ വാഹന പരിശോധന നടത്തരുതെന്നും തിരക്കേറിയ ജംഗ്ഷനുകളിലും, കൊടും വളവുകളിലും

കയറ്റിറക്കങ്ങളിലും ഇടുങ്ങിയ റോഡുകളിലും. പാലത്തിന്റെ മുകളിലും വാഹന പരിശോധന ഒഴിവാക്കേണ്ടതാണെന്നുള്ള നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചു വരുന്നു. കൂടാതെ ഒരു സമയം ഒരു വാഹനം മാത്രം പരിശോധിക്കുക, ദൂരകാഴ്ച ലഭിക്കുന്ന സ്ഥലങ്ങളിൽ മാത്രം പരിശോധന നടത്തുക, ഡ്രൈവർമാരെ പുറത്തിറക്കാതെ ഡ്രൈവർമാരുടെ അടുത്തുചെന്ന് പരിശോധന നടത്തുക, വാഹന പരിശോധന വീഡിയോഗ്രാഫ് ചെയ്യുക, അമിത വേഗതയിൽ അശ്രദ്ധമായി ഓടിക്കുന്ന വാഹനങ്ങൾ പിൻതുടരാതിരിക്കുക, രാത്രി കാലങ്ങളിൽ വെളിച്ചമുള്ള സ്ഥലങ്ങളിൽ നിന്നു മാത്രം പരിശോധന നടത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

സി) ഇത് പാലിക്കാത്ത പരിശോധകരെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികളിന്മേൽ ഉന്നത ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിന്മേൽ കർശന നടപടി സ്വീകരിക്കുമോ;

സി) അത്തരത്തിലുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) വാഹന പരിശോധനകൾക്കിടയിൽ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് യഥാസമയം അടിയന്തര ചികിത്സ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഡി) വാഹനപരിശോധനയ്ക്കിടയിൽ യാത്രക്കാർക്ക് അപകടം സംഭവിക്കുന്ന സന്ദർഭങ്ങളിൽ അപകടത്തിൽപ്പെട്ടവരെ പോലീസ് ഉടൻ തന്നെ അടുത്തുള്ള ഹോസ്പിറ്റലിൽ എത്തിച്ച് പ്രാഥമിക ചികിത്സ നൽകുകയും, ഗുരുതരമായ പരിക്കേറ്റവരെ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിന് എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ